# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 59

### 28.02.2017 - ലെ മറുപടിക്ക്

### പണമിടപാടുകൾ ഡിജിറ്റലൈസ് ചെയ്യാനുള്ള നടപടി

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ. പി. ബി. അബ്ദുൾ റസ്സാക്ക്<br>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. എം. ഉമ്മർ** | **ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക്** |
| (എ) | പണമിടപാടുകൾ ഡിജിറ്റലൈസ് ചെയ്യാനുള്ള കേന്ദ്രസർക്കാർ നയം സംസ്ഥാനത്തെ പണമിടപാട് മേഖലയിൽ ഉണ്ടാക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | പണമിടപാടുകൾ ഡിജിറ്റലൈസ് ചെയ്യാനുള്ള കേന്ദ്ര സർക്കാർ തീരുമാനം സംസ്ഥാനത്തെ പണമിടപാടുകളെ സാരമായി ബാധിയ്ക്കുന്നതാണ്. സംസ്ഥാനത്തെ ജനങ്ങളെയാണ് ഇതു കൂടുതൽ ബുദ്ധിമുട്ടിലാക്കുന്നത്. സംസ്ഥാനത്തെ ട്രഷറികളിലും, വിവിധ വകുപ്പുകളിലും ഇ-പേയ്മെന്റ് സംവിധാനം വഴി പണമിടപാടുകൾ നടത്തുവാനുള്ള സൗകര്യം നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ജനങ്ങളുടെ ദൈനംദിന ഇടപാടുകളുടെ സിംഹഭാഗവും നേരിട്ടുള്ള പണം കൈമാറ്റത്തിലൂടെയാണ് നടന്നുവരുന്നത്. അവശ്യ വസ്തുക്കൾ ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിനും വിവാഹം, മരണം, ചികിത്സ തുടങ്ങിയ അടിയന്തിര ഘട്ടങ്ങളിൽ പണമിടപാടുകൾ നടത്തുന്നതിനും പുതിയ നിയന്ത്രണങ്ങൾ വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതാണ്. എ.ടി.എം, ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ് തുടങ്ങിയ സംവിധാനങ്ങൾ ഉപയോഗിക്കുവാൻ പ്രാപ്തരല്ലാത്ത സാധാരണക്കാരായ ജനങ്ങൾക്കും പ്രായമായവർക്കും കാര്യമായ ബുദ്ധിമുട്ടുകൾ ഇതുമൂലം നേരിടേണ്ടി വരുന്നതാണ്.<br>ഭീമമായ തുക ചെലവഴിക്കേണ്ടിവരുന്ന നിർമ്മാണ മേഖലയിലെ പണമിടപാടുകളെയും ഇതു പ്രതികൂലമായി ബാധിയ്ക്കുന്നതാണ്. തൊഴിൽ സ്തംഭനം, തൊഴിൽ നഷ്ടപ്പെടൽ എന്നിവ മൂലം നിർമ്മാണ മേഖല കടുത്ത മാന്ദ്യത്തിലേയ്ക്ക് വഴുതിവീഴാനുള്ള സാദ്ധ്യതയുമുണ്ട്. വലിയ തുക കൈമാറ്റം ചെയ്യപ്പെടുന്ന വസ്തു വില്പന മേഖലയിലും കടുത്ത പ്രതിസന്ധിയ്ക്ക് പണമിടപാടുകളുടെ ഡിജിറ്റലൈസേഷൻ കാരണമായേക്കാവുന്നതാണ്. ഈ മേഖലയിലുണ്ടാകുന്ന പ്രത്യാഘാതം |

| | | |
|---|---|---|
| | | സംസ്ഥാനത്തെ നികുതി വരുമാനത്തിലും വലിയ ഇടിവുണ്ടാക്കുന്നതാണ്. സാധാരണ ജനങ്ങൾ കൂടുതൽ ആശ്രയിക്കുന്ന ചെറുകിട കച്ചവട മേഖലയേയും ഇതു സാരമായി ബാധിക്കുന്നതാണ്. |
| (ബി) | ഡിജിറ്റലൈസ് ചെയ്യുന്നതുകൊണ്ട് സർക്കാരിന്റെ വരുമാനത്തിൽ ഉണ്ടാകാവുന്ന മാറ്റം എന്താണെന്ന് വ്യക്തമാക്കുമോ; | സംസ്ഥാന ട്രഷറികളിലും പ്രധാന വകുപ്പുകളിലും ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളതിനാൽ നികുതികൾ ഓൺലൈനായി സ്വീകരിക്കാൻ വകുപ്പുകൾ സജ്ജമാണെങ്കിലും ഇപ്രകാരമുള്ള ഇടപാടുകൾ നടത്തുന്നതിൽ ജനങ്ങൾക്കുള്ള അറിവില്ലായ്മയും പരിചയക്കുറവും മൂലം നികുതി വരുമാനത്തിൽ കുറവുണ്ടാകാൻ സാധ്യത നിലനിൽക്കുന്നുണ്ട്. എന്നാൽ, ജനങ്ങൾ ഇപ്രകാരമുള്ള ഇടപാടുകൾക്ക് പ്രാപ്തരാകുന്ന മുറയ്ക്ക് നികുതി ശേഖരണം ത്വരിതപ്പെടുന്നതും ക്രമേണ നികുതി വർദ്ധനവുണ്ടാകുന്നതുമാണ്. ഇക്കാരണത്താൽ നികുതി വകുപ്പ്, റവന്യൂ വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ് തുടങ്ങിയ വകുപ്പുകളിലെ നികുതി വരുമാനത്തിൽ ഇടിവുണ്ടാകാനുള്ള സാദ്ധ്യതയാണ് വരും വർഷങ്ങളിൽ നിലനിൽക്കുന്നത്. |
| (സി) | വിദ്യാസമ്പന്നർ ഏറെയുള്ള സംസ്ഥാനത്ത് എ.റ്റി.എം. ഇടപാടുകൾക്കുപോലും ജനം സജ്ജരല്ലാത്തതും ഈ മേഖലയിൽ ഉണ്ടാകാവുന്ന തട്ടിപ്പുകളുടെയും സാഹചര്യത്തിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നയം വെളിപ്പെടുത്തുമോ ? | പണമിടപാടുകളിൽ ഡിജിറ്റലൈസേഷൻ നടപ്പിലാക്കുന്നതിനും, ഇ-പേയ്മെന്റ് വഴിയും online transfer വഴിയും പണമിടപാടുകൾ നടത്തുന്നതിനും അനുകൂല നിലപാടാണ് സർക്കാരിനുള്ളത്. എന്നാൽ, ഈ സംവിധാനം ഘട്ടംഘട്ടമായി നടപ്പിലാക്കണമെന്നതാണ് സർക്കാരിന്റെ നയം. കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്താതെ ഇപ്രകാരമുള്ള ഡിജിറ്റൽ ഇടപാടുകൾക്ക് ജനങ്ങളെ പ്രാപ്തരാക്കിയ ശേഷം പടിപടിയായി മാത്രം ഇതു നടപ്പിലാക്കുന്നതാണ് അഭികാമ്യമെന്നാണ് സർക്കാരിന്റെ കാഴ്ചപ്പാട്. ഈ മേഖലയിലുണ്ടായേക്കാവുന്ന തട്ടിപ്പുകളെക്കുറിച്ചും ആയതിനെ പ്രതിരോധിക്കുന്നതിനെക്കുറിച്ചും ജനങ്ങൾ ബോധവാന്മാരാകേണ്ടതും അത്യാവശ്യമാണ്. |

സെക്ഷൻ ഓഫീസർ